സംഗ്രഹം

തദ്ദേശസ്വയംഭരണം-പഞ്ചായത്ത് വകുപ്പ്-ജീവനക്കാര്യം- വയനാട് ജില്ലയിലെ കോട്ടത്തറ ഗ്രാമപഞ്ചായത്തിലെ ക്ലാർക്ക് ശ്രീ.പി.പി.അബ്ദു സമദിന്റെ അനധികൃത ഹാജരില്ലായ്മക്കാലയളവ് മുൻകാല സർവ്വീസ് നഷ്ടമാകും വിധം നോൺ ഡ്യൂട്ടിയായി ക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

============================================================

**തദ്ദേശസ്വയംഭരണ(ഇപിഎ) വകുപ്പ്**

============================================================

**സ.ഉ.(സാധാ) നം.2521/2019/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 11/11/2019

പരാമർശം:- 1 14.06.1994ലെ 36/94/ധന നമ്പർ സർക്കുലർ.

2 ശ്രീ.പി.പി.അബ്ദു സമദിന്റെ 17.01.2018ലെ ശൂന്യവേതനാവധിയപേക്ഷ.

3 പഞ്ചായത്ത് ഡയറക്ടറുടെ 14.08.2018 ലെ ഇ6-38281/07, 02.07.2019 ലെ ഇ6-23652/18എന്നീ നമ്പർ കത്തുകൾ.

**ഉത്തരവ്**

വയനാട് ജില്ലയിലെ കോട്ടത്തറ ഗ്രാമപഞ്ചായത്തിലെ ക്ലാർക്ക് ശ്രീ.പി.പി.അബ്ദു സമദിന്റെ 26.11.2011 മുതൽ 19.04.2016 വരെയുള്ള ഹാജരില്ലായ്മക്കാലയളവ് ശൂന്യവേതനാവധിയായി ക്രമീകരിക്കണമെന്നാവശ്യപ്പെട്ട് പരാമർശം (2) പ്രകാരം സമർപ്പിച്ച അപേക്ഷ പഞ്ചായത്ത് ഡയറക്ടർ പരാമർശം (3) പ്രകാരം സർക്കാരിൽ സമർപ്പിക്കുകയുണ്ടായി. 01.10.2004 ൽ സേവനത്തിൽ പ്രവേശിച്ച ടിയാന്റെ അനധികൃത ഹാജരില്ലായ്മയിൽ രണ്ടു വാർഷിക ശമ്പള വർദ്ധനവ് സഞ്ചിത ഫലത്തോടെയല്ലാതെ തടഞ്ഞ് അച്ചടക്കനടപടി തീർപ്പാക്കിയിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വയനാട് ജില്ലയിലെ കോട്ടത്തറ ഗ്രാമപഞ്ചായത്തിലെ ക്ലാർക്ക് ശ്രീ.പി.പി.അബ്ദു സമദ് 26.11.2011 ന് മുൻപ് പ്രൊബേഷൻ പൂർത്തീകരിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ 26.11.2011 മുതൽ 19.04.2016 വരെയുള്ള ശ്രീ പി.പി.അബ്ദു സമദിന്റെ അനധികൃത ഹാജരില്ലായ്മക്കാലയളവ് മുൻകാലസർവ്വീസ് നഷ്ടമാകും വിധം നോൺ ഡ്യൂട്ടിയായി ക്രമീകരിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ഷീബ ബി**

ഡെപ്യൂട്ടിസെക്രട്ടറി

പകർപ്പ്

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, വയനാട് (പഞ്ചായത്ത് ഡയറക്ടർ മുഖേന).

സെക്രട്ടറി, കോട്ടത്തറ ഗ്രാമപഞ്ചായത്ത്, വയനാട് (പഞ്ചായത്ത് ഡയറക്ടർ മുഖേന).

ശ്രീ.പി.പി.അബ്ദു സമദ്, ക്ലാർക്ക്, കോട്ടത്തറ ഗ്രാമപഞ്ചായത്ത്, വയനാട് (പഞ്ചായത്ത് ഡയറക്ടർ മുഖേന)

ധന വകുപ്പ്(17.10.2019 ലെ ഡെവ 1/208/2019/ധന നമ്പർ കുറിപ്പ് പ്രകാരം)

ഇൻഫർമേഷൻ ആൻഡ് പബ്ലിക്ക് റിലേഷൻസ് (വെബ് ആൻഡ് ന്യൂ മീഡിയ) വകുപ്പ്

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ. കെ. എം, തിരുവനന്തപുരം.

ഓഫീസ് പകർപ്പ് / കരുതൽ ഫയൽ.(262/ഇപിഎ1/2018/തസ്വഭവ നമ്പർ ഫയലിലേക്ക്)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ